**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1181** **30.01.2018-ൽ മറുപടിക്ക്**

**ബീമാപ്പള്ളിയിലേക്കുള്ള പാലം**

| **ചോദ്യം**<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തിരുവനന്തപുരത്ത്, മുട്ടത്തറ എൻ. എച്ചിൽ നിന്ന് ബീമാപള്ളിയിലേക്ക്, കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് തറക്കല്ലിടൽ നടന്ന പാലത്തിന്റെ പണി ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിന്റെ ഇപ്പൊഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ വള്ളക്കടവ് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 14/07/2009-ലെ ജി.ഒ(ആർ.ടി)നം. 1044/2009/പി.ഡബ്ല്യൂ.ഡി സർക്കാർ ഉത്തരവ് പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2011-ൽ ചീഫ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയും നൽകി. 2009-ൽ ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ അവസാന ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനം 02/2011-ൽ ടെണ്ടർ ചെയ്യുകയും കരാർ നൽകുകകയും ചെയ്തു. എന്നാൽ ഭൂവുടമകളുടെ എതിർപ്പുകാരണം പാലം, അപ്രോച്ച് റോഡ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി തരാൻ റവന്യൂ വകുപ്പിന് സാധ്യമായില്ല. ആയതിനാൽ നിർമ്മാണ കരാർ റദ്ദ് ചെയ്ത് കരാറുകാരനെ ഒഴിവാക്കേണ്ടിവന്നു. 1894-ലെ എൽ.എ നിയമ പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ denova ആയ സാഹചര്യത്തിൽ ഇപ്പോൾ 2013-ലെ പുതിയ എൽ.എ നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നു വരുന്നു. |
| (ബി) പ്രസ്തുത പാലത്തിന്റെ പണി എന്നാരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ